# “ശുദ്ധീകരണം പ്രാപിക്കുക”

## എബ്രായർ 12:14

“എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.’’

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകം മ്ലേച്ഛതയുടെയും മലിനതയുടെയും ഒരു കൂടാരമാണ്. ദിനം തോറും കേൾക്കുന്ന വാർത്തകളും കാണുന്ന പ്രവൃത്തികളും നമ്മെ ഞെട്ടിപ്പിക്കുന്നവയാണ്. എന്നാൽ ഇതിന്റെ നടുവിൽ ജീവിക്കുന്നവരായ ദൈവമക്കൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെ തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു. (1 കൊരിന്ത്യർ 6:11)

1 യോഹന്നാൻ 1:7 “അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.’’ എന്നാൽ ഈ ശുദ്ധീകരണം ആദ്യത്തെ ഒരു പ്രക്രിയ മാത്രമല്ല. കാരണം ദൈനം ദിനജീവിതത്തിൽ പൊടി പടലങ്ങളും അഴുക്കും പറ്റിപ്പിടിക്കാൻ സാദ്ധ്യതയുണ്ട്. വീടും വീട്ടുപകരണങ്ങളും ദിനം തോറും വൃത്തിയാക്കുന്നതുപോലെ ആത്മീയ ജീവിതത്തിലും ഈ ശുദ്ധീകരണം ദിനം തോറും നടത്തേണ്ടതുണ്ട്. അത് ഓരോ ദൈവപൈതലിന്റെയും ഉത്തരവാദിത്വമാണ്. ഓരോ സമയവും ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ശുദ്ധീകരണത്തോടെ വേണമെന്ന് ദൈവവചനം ശക്തമായി ആവശ്യപ്പെടുന്നു.

അവൻ ഹൃദയപരമാർത്ഥത ആഗ്രഹിക്കുന്ന ദൈവമാണ്. നീതിമാന്റെ പ്രാർത്ഥന കേൾക്കുന്ന ദൈവമാണ്. അതുകൊണ്ട് ദൈവത്തെ കാണാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും ഹൃദയശുദ്ധിയുള്ളവരായി തീരാൻ പരിശ്രമിക്കാം. അതിനായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

എബ്രായർ 10:22

“നാം ദുർമനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 011